(സി) ക്രിസ്ത്യൻ പള്ളികളം—2
മുസ്ലീം പള്ളികളം—5
ഹിന്ദു ദേവാലയങ്ങളം—6

(ഡി) 1. തിരുവനന്തപുരം വൻകടവ് ഭഗവതി ക്ഷേത്രം ആക്രമിച്ച കേസിലെ 11 പ്രതികളെ അറസ്റ്റു ചെയ്തു.

2. തിരുവനന്തപുരം പാറ്റൂർ പള്ളി ആക്രമിച്ച സംഭവത്തിന് ഒരാളെ അറസ്റ്റു ചെയ്തു.

3. പാലക്കാട് മേപ്പറമ്പ് മുസ്ലീം പള്ളി ആക്രമിച്ചവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

4. മലപ്പുറം പെരുമ്പടപ്പ് അയ്യപ്പക്ഷേത്രം ആക്രമിച്ച കേസിൽ 9 പേരെ അറസ്റ്റ് ചെയ്തു.

5. കോഴിക്കോട് പട്ടാളപ്പള്ളി ആക്രമിച്ച 2 പ്രതികളെ അറസ്റ്റ് ചെയ്തു.

6. കാസർഗോഡ് ഉദ്യാവർ (അഡയാർ) ഭഗവതി ക്ഷേത്രം ആക്രമിച്ച കേസിൽ 6 പ്രതികളെ അറസ്റ്റ് ചെയ്തു.

7. കണ്ണൂർ കൊട്ടിയൂർ ക്ഷേത്രം ആക്രമിച്ച കേസിൽ ഒരാളെ അറസ്റ്റ് ചെയ്തിട്ടുള്ളതും പിന്നീട് ഇയാൾ പ്രതിയല്ലെന്ന് തെളിഞ്ഞതിനാൽ ടിയാനെ ഒഴിവാക്കിയിട്ടുള്ളതുമാണ്.

8. ആലപ്പുഴ വള്ളിക്കുന്നം കടുവിനാൽ മുസ്ലീം ജമാഅത്ത് പള്ളി ആക്രമിച്ച കേസിൽ 15 പേരെ അറസ്റ്റ് ചെയ്തു.

9. കണ്ണൂർ ഇരിട്ടി ബദർ പള്ളി ആക്രമിച്ച കേസിൽ 2 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഇ) തിരുവനന്തപുരം ജില്ലയിലെ പാറ്റൂർ പള്ളി തീവച്ചത് സംബന്ധിച്ച കേസ് ഇപ്പോൾ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി വരുന്നു. ടി കേസിൽ പാസ്കൽ എന്നയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

പോലീസ് രജിസ്റ്റർ ചെയ്ത വിവിധ കേസുകളം

37 [800] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനകം വിവിധ പോലീസ് സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്തിട്ടുള്ള മോഷണം, പിടിച്ചുപറി, ഗുണ്ടാ ആക്രമണം തുടങ്ങിയ കേസുകളുടെ ഇനം തിരിച്ചുള്ള എണ്ണം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഇത്തരം കേസുകളം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം കേസുകളം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികളം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2002, 2003, 2004 വർഷങ്ങളിലെ എണ്ണം പുവടെ ചേർത്തിരിക്കുന്നു.

മോഷണം—29,487
പിടിച്ചുപറി—2,291

ഗുണ്ടാ ആക്രമണങ്ങളം ഉണ്ടായിട്ടില്ല. എന്നാൽ സംഘം ചേർന്നുള്ള ആക്രമണങ്ങളം 110 എണ്ണം ഉണ്ടായിട്ടുണ്ട്.

(ബി) വർദ്ധനവ് കാണുന്നില്ല.

(സി) ഉത്തരം 'ബി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

കരിമ്പുഴ-I വില്ലേജിൽ കൃഷി വെട്ടി നശിപ്പിച്ചവർക്കെതിരെ നടപടി

38 [801] ശ്രീ. കളത്തിൽ അബ്ദുള്ള:
,, സി. ടി. അഹമ്മദ് അലി:
,, പി. കെ. കെ. ബാവ:
,, സി: മോയിൻകുട്ടി:
,, ഇസ്ഹാക്ക് കുരിക്കം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കരിമ്പുഴ-I വില്ലേജിൽ ചില സാമൂഹ്യ ദ്രോഹികൾ പാവപ്പെട്ട കർഷകരുടെ കവുങ്ങിൻ കൃഷി വെട്ടി നശിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെയെല്ലാം, എത്രമാത്രം കൃഷികളാണ് വെട്ടി നശിപ്പിക്കപ്പെട്ടത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സംഭവത്തിന്റെ പേരിൽ എത്രപേർക്കെതിരെ ഏതൊക്കെ വകുപ്പുകളിൽ കേസെടുത്തിട്ടുണ്ടെന്നും, അവർ ഏതൊക്കെ രാഷ്ട്രീയ സംഘടനകളിൽപ്പെട്ടവർ ആണെന്നും വെളിപ്പെടുത്താമോ;

(ഡി) കുറ്റക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) ഇതിന്റെ കേസന്വേഷണം നടത്തുന്നത് ആരാണ് എന്നും അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വെളിപ്പെടുത്തുമോ;

(എഫ്) കുറ്റക്കാരിൽ നിന്നും അടിയന്തിരമായി നഷ്ടപരിഹാരം ഈടാക്കി കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) 1. ബാലകൃഷ്ണൻ നായർ, വടക്കേപ്പാട്ടുവീട്, കാവുണ്ട, കോട്ടപ്പുറം എന്നയാളുടെ വക 2 വർഷം പ്രായമായ 100 ഓളം

LIBRARY ARCHIVES Kerala Legislative Assembly